മാതൃഭൂമി 13 March 2024

# ഡോ. എസ്. അയ്യപ്പന് ആദരം

കൊച്ചി ▸ പദ്മശ്രീ ജേതാവും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐ.സി.എ.ആർ.) മുൻ ഡയറക്ടർ ജനറലുമായ ഡോ. എസ്. അയ്യപ്പനെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) ആദരിച്ചു.

ഇന്ത്യൻ മത്സ്യമേഖലയുടെ ഗവേഷണ-വികസന പുരോഗതിക്ക് നൽകിയ സമഗ്ര സംഭാവനകൾ മുൻനിർത്തിയാണ് ആദരം. സി.എം.എഫ്.ആർ.ഐ. യിൽ നടന്ന ചടങ്ങിൽ സമുദ്രമത്സ്യമേഖലയിലെ ഗവേഷകരുടെ കൂട്ടായ്മയായ മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ (എം.ബി.എ.ഐ.) ഡോ. അയ്യപ്പന് ഓണററി ഫെലോഷിപ്പ് സമ്മാനിച്ചു.

സി.എം.എഫ്.ആർ.ഐ. ഡയറക്ടറും എം.ബി.എ.ഐ. പ്രസിഡന്റുമായ ഡോ. എ. ഗോപാലകൃഷ്ണൻ പുരസ്കാരം കൈമാറി. നവീകരിച്ച വെബ്സൈറ്റിന്റെ ലോഞ്ചിങ്ങും നടന്നു.